## പതിമൂന്നാം കേരള നിയമ സഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1871

22-01-2014-ൽ മറുപടിക്ക്

## ഐഡിയാസ് ഫയൽ ട്രാക്കിംഗ് സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി) | |
| (എ) | പൊതുജനങ്ങൾ, ജന പ്രതിനിധികൾ തുടങ്ങിയവർക്ക് ഫയലുകളുടെ നിജ സ്ഥിതി മനസ്സിലാക്കുന്നതിന് ഗവൺമെൻറ് സെക്രട്ടേറിയറ്റിലും, മറ്റ് വിവിധ വകുപ്പുകളിലും ഏർപ്പെടുത്തിയിരിക്കുന്ന ഐഡിയാസ് ഫയൽ ട്രാക്കിംഗ് സംവിധാനം ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ബി) | സെക്രട്ടേറിയറ്റിലെ മന്ത്രി ഓഫീസുകളിൽ കൊടുത്ത പരാതി സംബന്ധിച്ച് പ്രസ്തുത സംവിധാനത്തിൽ 'സെർച്ച്' ചെയ്താൽ ബന്ധപ്പെട്ട സെക്ഷനിൽ അവയുടെ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാലും വകുപ്പു മന്ത്രിയുടെ ഓഫീസിൽ ഉള്ളതായിട്ടാണ് നിലവിൽ അറിയാൻ കഴിയുന്നത്. ആയത് പരിഹരിക്കുന്നതിനും, ബന്ധപ്പെട്ട വകുപ്പിലെ ഫയൽ നമ്പർ ഉൾപ്പെടെ ഐഡിയാസിൽ ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | ഐഡിയാസ് സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മന്ത്രിമാരുടെ ഓഫീസിൽ ലഭിക്കുന്ന പരാതിയെ സംബന്ധിച്ച വിവരങ്ങൾ അപേക്ഷകന് ഉടനടി ലഭ്യമാക്കുന്നതിനായി ഒരു എസ്.എം.എസ് സംവിധാനം കൂടി ഐഡിയാസിൽ ഉൾ പ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സർക്കാരിൽ ലഭിക്കുന്ന പരാതിയോടൊപ്പം പരാതിക്കാരന്റെ മൊബൈൽ നമ്പർ കൂടെ ലഭ്യമാകുന്ന സാഹചര്യത്തിൽ പരാതി രജിസ്റ്റർ ചെയ്ത് കഴിഞ്ഞ ഉടൻ തന്നെ പരാതിക്കാരന് തപാൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ എസ്.എം.എസ് വഴി ലഭ്യമാകുന്നതാണ് ഈ സംവിധാനം. |
| (സി) | എം.എൽ എ മാരുടെ പി.എ. മാർക്ക് ഐഡിയാസ് ഐ.ഡി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ബഹു: എം.എൽ എ മാർക്ക് കൂടാതെ അവരുടെ പി.എ. മാർക്ക് കൂടി ഐഡിയാസിൽ ഐ.ഡി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.